**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3564** **14-07-2022 - ൽ മറുപടിയ്ക്ക്**

**കെ .എസ് .ആർ .ടി .സി യുടെ കാര്യക്ഷമത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി. യ്ക്ക് വിവിധ ഇനത്തിൽ സർക്കാർ നൽകിയ സാമ്പത്തിക സംരക്ഷണം വിശദമാക്കുമോ; | (എ) | **ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യുടെ വരവും, ചെലവും തമ്മിലുള്ള അന്തരം നികത്തുന്നതിനായി സർക്കാർ, 2021-22 സാമ്പത്തിക വർഷത്തിൽ വായ്പയായി 2037.51 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ജീവനക്കാരുടെ ശമ്പളം, പെൻഷൻ എന്നിവയ്ക്ക് പുറമെ കോവിഡ് മഹാമാരി മൂലമുള്ള പ്രതിസന്ധി നിമിത്തം പ്രതിദിന തിരിച്ചടവ് മുടങ്ങിയ 3100 കോടി രൂപയുടെ കൺസോർഷ്യം വായ്പ തിരിച്ചടവിനുമായാണ് ടി വായ്പ ധനസഹായം സർക്കാർ പ്രധാനമായും അനുവദിച്ച് നൽകിയത്. ഇതിനുപുറമെ, 2021-22 സാമ്പത്തിക വർഷത്തിൽ നാല് (4) പദ്ധതികളുടെ പൂർത്തീകരണത്തിനായി 87.21 കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ടി തുകയിൽ ഉൾപ്പെടുത്തി നൽകിയ 50 കോടി രൂപ വിനിയോഗിച്ച് സൂപ്പർ ക്ലാസ് ബസ്സുകൾ ഉൾപ്പെടെ 116 ബസ്സുകൾ വാങ്ങി, കെ.എസ്.ആർ.ടി.സി. -സ്വിഫ്റ്റ് മുഖേന അന്തർ സംസ്ഥാന സർവ്വീസുകൾ ഉൾപ്പെടെ നിരവധി ദീർഘദൂര സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുകയാണ്. ഇപ്രകാരം പുതിയ ബസ്സുകൾ നിരത്തിലിറക്കിയതുവഴി യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതോടൊപ്പം, വരുമാന വർദ്ധനവും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ സർക്കാർ, കെ.എസ്.ആർ.ടി.സി.യ്ക്ക് വായ്പ ധനസഹായമായി 1000 കോടി രൂപയും, പദ്ധതി വിഹിതമായി 106 കോടി രൂപയും വരുത്തിയിട്ടുണ്ട്. മാത്രമല്ല വായ്പ വിഹിതത്തിൽ നിന്നും നാളിതുവരെ 388.56 കോടി രൂപ കെ.എസ്.ആർ.ടി.സി.യ്ക്ക് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്.** |

| | | | |
|---|---|---|---|
| | | | **കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും, തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക പലിശയുൾപ്പെടെ സർക്കാർ തന്നെ സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്.** |
| (ബി) | നിലവിൽ സ്ഥാപനത്തിന്റെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വ്യക്തമാക്കുമോ; | (ബി) | **കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.**<br><br>**അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് / കിലോമീറ്റർ വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുമെന്ന് മനസ്സിലായിട്ടുണ്ട്. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ (37% മാത്രം) ഇപ്രകാരം നടത്തി വരുന്നുണ്ട്. ലഭ്യമായ സാങ്കേതിക വിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഷെഡ്യൂളുകളിലെ ഡീസൽ തുക പോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.**<br><br>**ദീർഘദൂര സർവ്വീസുകളിലും, അന്തർ സംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച്, ഡ്രൈവർ കം കണ്ടക്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നത് ഉൾപ്പെടെ** |

**നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം എറണാകുളം –തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് സർവ്വീസുകൾ കണ്ടക്ടർ കം ഡ്രൈവറായി ആരംഭിച്ചതിൽ നിലവിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ കം കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നത് വഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ഷെഡ്യൂളുകൾ കാര്യക്ഷമമാക്കി ജീവനക്കാരുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടന്നുവരുന്നു.**

**കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ മൾട്ടിപ്പിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. KSRTC ബസ്സുകൾ അപകടം ഉണ്ടാക്കുന്നതിനുള്ള ഒരു കാരണം നിലവിലുള്ള (63%) multiple duty സമ്പ്രദായം ആണ് എന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ പറയുന്നു. ഇത് പ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.**

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസ് എന്നീ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ, 10.64 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുക GPRS, ബ്ലൂ ടൂത്ത് ഉടങ്ങിയ നവീന സങ്കേതങ്ങളടങ്ങിയ 5500 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ, ബസ്സുകളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുകയും, ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ തുടങ്ങിയവ വാങ്ങുന്നതിനുമായി വിനിയോഗിക്കാനാണ് അനുവദിച്ചത്. ഇതിനുപുറമെ ഇതേ സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനായി പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നിലവിൽ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | **കെ.എസ്.ആർ.ടി.സി.യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിനും ഇത്തരത്തിൽ ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് വരുന്നു.**<br><br>**അധികമായി നോൺ പീക്ക് സമയത്ത് ഓപ്പറേറ്റ് ചെയ്തിരുന്ന ട്രിപ്പുകൾ ക്രമീകരിക്കുകയും പീക്ക് സമയത്ത് പരമാവധി ട്രിപ്പുകൾ ലഭിക്കുകയും ചെയ്യുന്ന രീതിയിൽ സിംഗിൾ ഡ്യൂട്ടി സമ്പ്രദായം മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് 1961 പ്രകാരം ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. ഇപ്രകാരം സർവ്വീസ് ക്രമീകരിച്ചതിൽ സർവ്വീസുകളുടെ ഓപ്റ്റിമൈസേഷൻ സാദ്ധ്യമാവുകയും തദ്വാര ബസ് / കിലോമീറ്റർ വർദ്ധിക്കുകയും ബസ് സ്റ്റാഫ് റേഷ്യോ കുറയുകയും ചെയ്യുമെന്ന് മനസ്സിലായിട്ടുണ്ട്. നിലവിൽ 72 സിംഗിൾ ഡ്യൂട്ടികളും 1300 എണ്ണം 12 മണിക്കൂർ (37% മാത്രം) ഇപ്രകാരം നടത്തി വരുന്നുണ്ട്. ലഭ്യമായ സാങ്കേതിക വിദ്യയുടെ സഹായത്താൽ എല്ലാ യൂണിറ്റുകളുടേയും ട്രിപ്പ് വൈസ് കളക്ഷൻ പരിശോധിച്ച് ഷെഡ്യൂളുകളിലെ ഡീസൽ തുക പോലും ലഭിക്കാത്ത ഡെഡ് ട്രിപ്പുകളുടെ എണ്ണത്തിൽ കുറവ് വരുത്തുവാൻ ഒരു പരിധി വരെ കഴിഞ്ഞിട്ടുണ്ട്.**<br><br>**ദീർഘദൂര സർവ്വീസുകളിലും, അന്തർ സംസ്ഥാന സർവ്വീസുകളിലും കൂടുതൽ പഠനം നടത്തി ക്രൂ ചെയ്ഞ്ച്, ഡ്രൈവർ കം കണ്ടക്ടർ സംവിധാനം എന്നിവ ഏർപ്പെടുത്തുന്നത് ഉൾപ്പെടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇപ്രകാരം ജീവനക്കാരുടെ ഉപയോഗം കൂട്ടുവാൻ കഴിയും. യാത്രക്കാരുടെ ഡിമാന്റ് പരിശോധിച്ച് "ഒറിജിൻ-ഡെസ്റ്റിനേഷൻ" പൈലറ്റ് സ്റ്റഡി നടത്തി ഡിമാന്റ് അനുസരിച്ച് പരീക്ഷണാർത്ഥം എറണാകുളം –തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് സർവ്വീസുകൾ കണ്ടക്ടർ കം** |

**ഡ്രൈവറായി ആരംഭിച്ചതിൽ നിലവിലെ ജീവനക്കാരുടെ എണ്ണം കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. പഠനം നടത്തി കൂടുതൽ നോൺ സ്റ്റോപ്പ് ഡ്രൈവർ കം കണ്ടക്ടർ സർവ്വീസുകൾ ആരംഭിക്കുന്നത് വഴി ബസ്സുകളുടെയും ജീവനക്കാരുടെയും ഉപയോഗം വർദ്ധിപ്പിക്കുവാൻ കഴിയും. നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ ട്രാവൽ ഡിമാന്റ് ലൊക്കേഷൻ ട്രാക്കിംഗ് എന്നിവ കണ്ടെത്തുന്നതിന് DIMTS എന്ന സ്ഥാപനത്തെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയോഗിക്കുകയും പ്രവർത്തനങ്ങൾ നടന്നു വരികയുമാണ്. ഇത്തരത്തിൽ ഡാറ്റാ പ്രോസസിംഗ് പൂർത്തിയാകുന്നതോടെ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ റൂട്ടുകൾ പുനഃക്രമീകരിക്കുകയും ട്രിപ്പുകൾ കാര്യക്ഷമമാക്കുകയും നോൺ സ്റ്റോപ്പ് ലിമിറ്റഡ് സ്റ്റോപ്പ് ബസ്സുകൾ കൂടുതൽ ആരംഭിച്ച് ഷെഡ്യൂളുകൾ കാര്യക്ഷമമാക്കി ജീവനക്കാരുടെ ഉപയോഗം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി നടന്നുവരുന്നു.**

**കൂടാതെ പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് അനുസരിച്ച് കെ.എസ്.ആർ.ടി.സി.യിലെ എല്ലാ മൾട്ടിപ്പിൾ ഡ്യൂട്ടികളും സിംഗിൾ ഡ്യൂട്ടികളാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. KSRTC ബസ്സുകൾ അപകടം ഉണ്ടാക്കുന്നതിനുള്ള ഒരു കാരണം നിലവിലുള്ള (63%) multiple duty സമ്പ്രദായം ആണ് എന്ന് സുശീൽ ഖന്ന റിപ്പോർട്ടിൽ പറയുന്നു. ഇത് പ്രകാരം ആറ്റിങ്ങൽ, കണിയാപുരം ഡിപ്പോകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഡ്യൂട്ടി പരിഷ്കരണം നടത്തുന്നതിനുവേണ്ടി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.**

2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും, ഇ-ഗവേണൻസ് എന്നീ പദ്ധതികളുടെ നടത്തിപ്പിനായി സർക്കാർ, 10.64 കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. ടി തുക GPRS, ബ്ലൂ ടൂത്ത് ഉടങ്ങിയ നവീന സങ്കേതങ്ങളടങ്ങിയ 5500 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ, ബസ്സുകളിൽ വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസുകൾ സ്ഥാപിക്കുകയും, ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലാപ്ടോപ്പുകൾ, കമ്പ്യൂട്ടറുകൾ, സ്കാനറുകൾ തുടങ്ങിയവ വാങ്ങുന്നതിനുമായി വിനിയോഗിക്കാനാണ് അനുവദിച്ചത്. ഇതിനുപുറമെ ഇതേ സാമ്പത്തിക വർഷത്തിൽ ജീവനക്കാർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനായി പദ്ധതി

| | | | |
|---|---|---|---|
| | | | വിഹിതത്തിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ